(ഇ) ചാർജ്ജ് വർദ്ധന ഒഴിവാക്കി ബോർഡിന്റെ പ്രവർത്തനം സുഗമമാക്കാനാണ് ശ്രമിക്കുന്നത്. ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്.

താരീഫ് റെഗുലേറ്ററി കമ്മീഷൻ നൽകിയ ശുപാർശകൾ

4 [5959] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് താരീഫ് റെഗുലേറ്ററി കമ്മീഷന് നൽകിയ ശുപാർശകൾ എന്തൊക്കെയാണ്;

(ബി) താരീഫ് റെഗുലേറ്ററി കമ്മീഷൻ ഇക്കാര്യത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെങ്കിലും സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 1-8-2003-ൽ കമ്മീഷൻ മുൻപാകെ 2001-02, 2002-03, 2003-04 വർഷങ്ങളിലെ വരവു ചെലവുകളുടെ വിശദാംശങ്ങളടങ്ങുന്ന ഇ. ആർ. സി. ഫയലിംഗ് പെറ്റീഷൻ (Expected Revenue from charges) നൽകിയിട്ടുണ്ട്. ബോർഡ് താരീഫ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ശുപാർശയൊന്നും നൽകിയിട്ടില്ല.

(ബി) ഇല്ല. കെ. എസ്. ഇ. ബി. നൽകിയ പെറ്റീഷൻമേലുള്ള വിശദമായ പരിശോധന കമ്മീഷനിൽ നടന്നുകൊണ്ടിരിക്കയാണ്.

(സി) ബാധകമല്ല.

പുതിയ താപവൈദ്യുതി നിലയം

5 [5960] ശ്രീ. സി. ടി. അഹമ്മദ് അലി:
,, പി. കെ. അബ്ദുറബ്ബ്:
,, യു. സി. രാമൻ:
,, കളത്തിൽ അബ്ദുള്ള:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ താപവൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ;

(ബി) ഇത് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശേഷിയാണ് ഈ നിലയത്തിന് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) പുതിയ താപവൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നില്ല.

വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിനു ലഭിച്ച തുക

6 [5962] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഏപ്രിൽ, മേയ് മാസത്തിൽ കറണ്ടു ചാർജ്ജിനത്തിൽ ബോർഡിന് ലഭിച്ച തുക ഓരോ മാസവും എത്ര;

(ബി) നിലവിൽ വൈദ്യുതി നിരക്ക് ഗാർഹിക, കാർഷിക, വ്യാവസായിക അടിസ്ഥാനത്തിൽ യൂണിറ്റിന് എത്രയാണ്;

(സി) നിലവിലുള്ള വൈദ്യുതി നിരക്ക് എന്നുമുതലാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003 ഏപ്രിൽ മാസത്തിൽ കറണ്ടു ചാർജ്ജിനത്തിൽ 255.19 കോടി രൂപയും മേയ്മാസത്തിൽ 262.62 കോടി രൂപയും ലഭിക്കുകയുണ്ടായി.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.†

(സി) 1-10-2002 മുതലാണ് നടപ്പിലാക്കിയത്.

പവർ ഹൈവേ സ്ഥാപിക്കാനുള്ള നടപടികൾ

7 [5963] ശ്രീ. രാജു എബ്രഹാം:
,, പി. ജയരാജൻ:
,, ടി. കെ. ബാലൻ:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു പവർ ഹൈവേ സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly